അനുസരിച്ചല്ല അത് പ്രവർത്തിക്കുന്നത് എന്നു പറഞ്ഞ് അതിന്റെ അംഗീകാരം പിൻവലിക്കാൻ എ.ഐ.സി.ടി.ഇ. ആവശ്യപ്പെട്ടിരിക്കുകയാണ്. വിദ്യാഭ്യാസപരമായി ഏറെ പിന്നാക്കം നിൽക്കുന്ന ചേലക്കരയിൽ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് പോളിടെക്നിക് ആരംഭിച്ചത്. അന്നു മുതൽ അത് വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. കഴിഞ്ഞ വർഷം സഹകരണ സ്ഥാപനങ്ങളുടെയും തിരുവില്വാമല പഞ്ചായത്തിന്റെയും സഹകരണത്തോടുകൂടി 10 ഏക്കർ 15 സെന്റ് സ്ഥലം ഏകദേശം 30 ലക്ഷം രൂപ മുടക്കി വാങ്ങി വിദ്യാഭ്യാസ വകുപ്പിന് കൈമാറിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കാനുള്ള എസ്റ്റിമേറ്റ് പി.ഡബ്ല്യു.ഡി. സമർപ്പിച്ചുവെങ്കിലും അതിന് അംഗീകാരം കൊടുക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ഏകദേശം ആറര കോടിയോളം രൂപ ചെലവാക്കി കെട്ടിടം നിർമ്മിക്കുന്നതിനാണ് പി.ഡബ്ല്യു.ഡി. നിർദ്ദേശം നൽകിയിരിക്കുന്നത്. പക്ഷേ നാളിതുവരെയായിട്ടും കെട്ടിടം നിർമ്മിക്കാനുള്ള യാതൊരു നടപടിയും സ്വീകരിക്കാത്തതുകൊണ്ടും ആവശ്യമുള്ള സ്റ്റാഫിനെ നിയമിക്കാത്തതുകൊണ്ടും അതിന്റെ അംഗീകാരം നഷ്ടപ്പെടുന്ന സാഹചര്യത്തിൽ എത്തി നിൽക്കുകയാണ്. അതുകൊണ്ട് എത്രയും പെട്ടന്ന് ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ ഇടപെട്ട് കെട്ടിടം നിർമ്മിക്കാനും, ആവശ്യമായ സ്റ്റാഫിനെ നിയമിക്കാനും തയ്യാറാകണമെന്ന് ആവശ്യപ്പെടുകയാണ്. ബഹുമാനപ്പെട്ട ഇന്ത്യൻ പ്രസിഡന്റ് നമ്മുടെ സഭയെ അഭിസംബോധന ചെയ്ത ദിവസമാണ്. ഇന്ന് തരുന്ന ഉറപ്പുകിലും പാലിക്കുന്നതിനുള്ള നടപടി അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, വേണ്ടത്ര മന്ത്രിക സൗകര്യങ്ങളില്ലാത്തതിനാൽ എ.ഐ.സി.ടി.ഇ.യുടെ അംഗീകാരംതന്നെ നഷ്ടപ്പെടാൻ സാദ്ധ്യതയുള്ള 10 പോളിടെക്നിക്കുകളും കേരളത്തിലുണ്ട്. ഈ 10 പോളിടെക്നിക്കുകളുടെ പ്രശ്നങ്ങളും മനസ്സിലാക്കി അതിന് പരിഹാരം ഉണ്ടാക്കുന്നതിനെപ്പറ്റി ആലോചിക്കാൻ ഞാൻ ഒരു യോഗം ജൂലായ് 11-ാം തീയതി തന്നെ വിളിച്ചു കൂട്ടി. ചേലക്കര പോളിടെക്നിക്കിന്റെ കാര്യം അതിനു മുമ്പുതന്നെ ശ്രീ. കെ. രാധാകൃഷ്ണൻ എന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. 1999-2000-ൽ തുടങ്ങിച്ച ഈ പോളിടെക്നിക് വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. അതിന് കെട്ടിടമില്ല. ശ്രീ. കെ. രാധാകൃഷ്ണൻ ചൂണ്ടിക്കാണിച്ചതുപോലെ 10 ഏക്കർ സ്ഥലം വാങ്ങിയിട്ടുണ്ട്. ഒരു കോടി 12 ലക്ഷം രൂപയുടെ ഒരു എസ്റ്റിമേറാണ് ഇതിന് തയ്യാറാക്കിയിട്ടുള്ളത്. ബഡ്ജറ്റിൽ 24,30,000 രൂപയുടെ പ്രൊവിഷനും ഉണ്ട്. ഇനി അതിന് എ.എസ്സും ടി.എസ്സും കിട്ടേണ്ടതുണ്ട്. ഫിനാൻസുമായി ബന്ധപ്പെട്ട് കഴിയുന്ന ഗൗരവം ഇതിന് ആവശ്യമായ നടപടികളും എടുക്കാം. ബഡ്ജറ്റിൽ പണമുള്ളതുകൊണ്ട് എ.എസ്സും ടി.എസ്സും കിട്ടിയാൽ ഉടൻതന്നെ കെട്ടിട നിർമ്മാണത്തിന്റെ ജോലികളും ചെയ്യുന്നതാണ്. അദ്ധ്യാപക അനദ്ധ്യാപക പോസ്റ്റുകളും വൈകാതെതന്നെ ഫില്ലപ്പ് ചെയ്യാൻ നടപടി എടുക്കുന്നതാണ്.

(2) യു.പി. സ്കൂൾ വരെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നിർമ്മാണ പ്രവൃത്തികൾക്കുള്ള സെയിൽസ് ടാക്സ് ഒഴിവാക്കണമെന്ന ആവശ്യം

ശ്രീ. ടി. പി. എം. സാഹിർ: സർ, സംസ്ഥാനത്ത് സ്കൂളുകളുടെ മെയിന്റനൻസും നിർമ്മാണവും ഇപ്പോൾ എസ്.എസ്.എ. ഫണ്ട് മുഖേനയാണ് നടക്കുന്നത്. അദ്ധ്യാപക രക്ഷാകർത്തൃസമിതി മുഖേനയാണ്

LIBRARY ARCHIVES Kerala Legislative Assembly

എസ്.എസ്.എ. ഫണ്ട് വിതരണം ചെയ്തത് സ്കൂളുകളുടെ മെയിന്റനൻസും അതുപോലെതന്നെ 11 പുതിയ കെട്ടിടങ്ങളും നിർമ്മിക്കുന്നതാണ്. ഇപ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇതിനായി പ്രത്യേക ഫണ്ടൊന്നും ലഭിക്കുന്നുമില്ല. ഇപ്പോൾ ഇൻക്രോഡ്യൂസ് ചെയ്തിരിക്കുന്ന വാറന്റ് മുഖേന ഈടാക്കുന്ന 12 ശതമാനം നികുതി ഒഴിവാക്കണം. എസ്.എസ്.എ. ഫണ്ട് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ കൂട്ടായ സംരംഭമാണ്. ഇതിന്റെമേൽ 12 ശതമാനം നികുതി ചുമത്തിയിട്ടുള്ളത് ഒഴിവാക്കണം. സ്കൂളുകളുടെ അദ്ധ്യാപക രക്ഷാകർത്തൃസമിതി ഇത് കൊടുക്കുവാൻ നിർബന്ധമായി തീർന്നതുകൊണ്ട് വലിയൊരു ഫണ്ട് അതിനുവേണ്ടി വിനിയോഗിക്കേണ്ടി വരുന്നു. അതുകൊണ്ട് കഴിയുന്നതും പൂർണ്ണമായി അത് ഒഴിവാക്കണം. മുമ്പ് എം.എൽ.എ. ഫണ്ടിൽനിന്ന് ഇതിന് തുക ഉണ്ടായിരുന്നു. അത് പിന്നീട് വേണ്ടെന്ന് വച്ചു. അതേവിധത്തിൽ എസ്.എസ്.എ. ഫണ്ടിൽനിന്ന് നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് ടാക്സ് ഈടാക്കുന്നത് പൂർണ്ണമായും ഒഴിവാക്കുവാൻ അങ്ങ് ശ്രമിക്കണമെന്ന് അപേക്ഷിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, എസ്.എസ്.എ. ഫണ്ട് മുഖേനയുള്ള പ്രവൃത്തികൾക്ക് വാറന്റ് വരുന്നതിന് മുമ്പുതന്നെ ആറു ശതമാനത്തിൽ കൂടുതൽ ടാക്സ് ഉണ്ടായിരുന്നു. വാറന്റ് വന്നപ്പോൾ അത് പന്ത്രണ്ടര ശതമാനമായി. കഴിഞ്ഞ ദിവസം ഞാനിവിടെ പറഞ്ഞതുപോലെ ജവഹർ റോസ്ഗാർ യോജന പോലുള്ള പത്തു ലക്ഷത്തിൽ കവിയാത്ത പണിയാണെങ്കിൽ നാലു ശതമാനമായി കുറയ്ക്കാവുന്നതാണ്. ഇതും നാലു ശതമാനമായി കുറയ്ക്കുന്നതാണ്.

(3) സംസ്ഥാന നിർമ്മിതി കേന്ദ്രത്തിലെ സേവന–വേതന വ്യവസ്ഥകൾ

ശ്രീ. റോഷി അഗസ്റ്റിൻ: സർ, കേരള നിർമ്മിതി കേന്ദ്രത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ സേവന–വേതന വ്യവസ്ഥകൾക്ക് പരിഹാരം കാണണമെന്നുള്ളതാണ് എന്റെ സബ്മിഷൻ. ചെലവു കുറഞ്ഞ കെട്ടിട നിർമ്മാണ വിദ്യ പ്രചരിപ്പിച്ചതുവഴി കെട്ടിട നിർമ്മാണ മേഖലയിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ച ഒരു സ്ഥാപനമാണ് സംസ്ഥാന നിർമ്മിതി കേന്ദ്രം. കഴിഞ്ഞ 15 വർഷമായി അഭൂതപൂർവ്വമായ പുരോഗതിയുണ്ടാക്കുവാൻ ഈ സ്ഥാപനത്തിനു കഴിഞ്ഞെങ്കിലും ഇവിടത്തെ ജീവനക്കാർ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ്. ജീവനക്കാരുടെ ശരാശരി വേതനമെന്നു പറയുന്നത് 2,500 രൂപയാണ്. ഓണറേറിയമായിട്ടാണ് അത് നൽകുന്നത്. വളരെയേറെ ബുദ്ധിമുട്ട് സഹിക്കുന്ന ഒരു ജീവിത സാഹചര്യമാണ് അവരെ സംബന്ധിച്ചിടത്തോളം നിലവിലുള്ളത്. നിർമ്മിതി കേന്ദ്രം ഏറെടുത്ത് നടത്തുന്ന വർക്കുകളുടെ ലാഭ വിഹിതം കൊണ്ടുമാത്രമാണ് ജീവനക്കാർക്ക് ഓണറേറിയം നൽകുന്നത്. ഇന്നത്തെ നിലയിൽ സർക്കാർ സർവ്വീസിലുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ലഭിക്കുന്ന വേതനം പോലും ഡിഗ്രിയും എഞ്ചിനീയറിംഗും കഴിഞ്ഞു വരുന്ന ഇവർക്ക് ലഭിക്കുന്നില്ല. അവരുടെ സാഹചര്യം വളരെ മോശമാണ്. അവരുടെ സേവന–വേതന വ്യവസ്ഥ പരിഷ്കരിക്കുന്നതിന് തയ്യാറാകണം. അടിയന്തിരമായി ഒരു യോഗം വിളിച്ചുചേർത്ത് ഇക്കാര്യത്തിൽ ശാശ്വതമായ ഒരു പരിഹാരം കണ്ടെത്തി മാനുഷികവും ദയാപരവുമായ ഒരു നിലപാട് സ്വീകരിക്കണം.

റവന്യൂവും നിയമവും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, നിർമ്മിതി കേന്ദ്രത്തിന്റെ ഗവേണിംഗ് ബോഡി സാങ്ഷൻ ചെയ്യുന്ന പോസ്റ്റുകളിലേയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly